വളയം ഗവൺമെൻറ് ആശുപത്രി വാർഡിൻെറ പണി

1100 [2029] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയം ഗവൺമെൻറ് ആശുപത്രിയോടനുബന്ധിച്ച് ഉണ്ടാക്കിയ പുതിയ വാർഡിൻെറ പണി പൂർത്തിയാക്കി അത് പ്രവർത്തന യോഗ്യമാക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ആശുപത്രിയിൽ കിടത്തി ചികിൽസിക്കുന്ന രോഗികൾക്ക് ശുദ്ധജലവിതരണ സൗകര്യവും കക്കൂസ് സൗകര്യവും ഉണ്ടാക്കികൊടുക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കുടുംബക്ഷേമ പദ്ധതിയിൽ പണിത വാർഡിൻേറയും ഓപ്പറേഷൻ തിയേറ്ററിൻേറയും നിർമ്മാണം ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. വൈദ്യുതീകരണവും, ഫിനിഷിംഗ് പണികളും കൂടി കഴിഞ്ഞാൽ വാർഡ് ഉപയോഗപ്രദമാക്കുന്നതാണ്.

(ബി) ആശുപത്രിയിൽ ശുദ്ധജല വിതരണം, കക്കൂസ്, കുളിമുറി എന്നീ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ പണികൾ ചെയ്യാൻ പൊതുമരാമത്തു വകുപ്പിനെ ഏൽപ്പിച്ചു കഴിഞ്ഞു.

നരിപ്പറ്റ ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ അറ്റകുറ്റ പണികൾക്ക് അനുവദിച്ച തുക

1101 [2030] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരിപ്പറ്റ ഗവൺമെൻറ് ആശുപത്രി കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾക്കുവേണ്ടി വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽപ്പെടുത്തി അനുവദിച്ച സംഖ്യ മറ്റേതെങ്കിലും പ്രവർത്തനത്തിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(സി) എന്തിനുവേണ്ടിയാണീ തുക വകമാറ്റി ചെലവാക്കിയത്?

ഉത്തരം

(എ) ഇല്ല. അറ്റകുറ്റപ്പണിക്കായി അനുവദിച്ച 62,500 രൂപ പൊതുമരാമത്തു വകുപ്പിൻെറ കണക്കിൽ അടച്ചു കഴിഞ്ഞു. പൊതുമരാമത്തു വകുപ്പ് അറ്റകുറ്റപ്പണികൾ നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി, സി) ചോദ്യം പ്രസക്തമല്ല.

തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണം

1102 [2031] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly